## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 986 10-2-2016-ൽ മറുപടിയ്ക്ക്

### പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ് വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.കെ. ജയചന്ദ്രൻ എം.എൽ.എ** | | **ശ്രീ. എ.പി. അനിൽകുമാർ,**<br>(പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾ എത്രയാണ്; സഹായത്തിനർഹരായവരെത്ര; എത്ര പേർക്ക് ഇതിനകം സഹായം നൽകി; | എ) | ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായത്തിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല.<br>e-grantz വഴി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള ബി.ടെക്, എം.ടെക്, എം.സി.എ. തുടങ്ങിയ പ്രൊഫണൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങുന്നനുള്ള ധനസഹായം അനുവദിക്കുന്നത്.<br>സഹായത്തിനർഹരായവരുടെ എണ്ണം - 6164<br>31-1-2016 വരെ 4235 പേർക്ക് സഹായം നൽകി. |
| ബി) | ഈ പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; എല്ലാ അപേക്ഷകർക്കും സഹായം നൽകാൻ എന്തു തുക ആവശ്യമായി വരുമെന്നു വ്യക്തമാക്കുമോ ? | ബി) | ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 15,41,00,000/- രൂപ (പതിനഞ്ചു കോടി നാൽപത്തിയൊന്നു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. സഹായത്തിനർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സഹായം അനുവദിക്കുവാൻ മേൽ തുക പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ